LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര വികസന പദ്ധതികൾ

3 [981] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിന് ഏതെല്ലാം പദ്ധതി പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) വിശദ വിവരങ്ങൾ അനുബന്ധം (I) ആയി ചേർത്തിരിക്കുന്നു.†

(ബി) വിശദ വിവരങ്ങൾ അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു.††

വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ

4 [982] ശ്രീ. പി. എസ്. സുപാൽ:
" എം. കുമാരൻ:
" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ ഇക്കൊല്ലം പുതിയ പദ്ധതികൾ നടപ്പാക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര തുക വേണ്ടിവരും; ഈ തുക എവിടെനിന്നെല്ലാമാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിദേശ സഞ്ചാരികളുടേയും ആഭ്യന്തര സഞ്ചാരികളുടേയും വരവിൽ ഇപ്പോഴുള്ള വർദ്ധനവ് മുൻ കാലങ്ങളെ അപേക്ഷിച്ച് എത്ര കൂടുതലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഓരോ പ്രോജക്ടിനും വേണ്ടി വരുന്ന ചെലവ് കണക്കാക്കി വരുന്നതേയുള്ളൂ. 250 കോടി രൂപയോളമാണ് മൊത്തം ചെലവ് പ്രതീക്ഷിക്കുന്നത്. ഈ തുക കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും, ഹഡ്കോയുടെയും സാമ്പത്തിക സഹായത്തോടെയാണ് കണ്ടെത്തുന്നത്.

(സി) വിദേശ സഞ്ചാരികളുടെ വരവിൽ 2002 വർഷം 11.37% വർദ്ധനവും 2003 വർഷം 26.68% വർദ്ധനവും ഉണ്ടായി. 2004 വർഷം ഏപ്രിൽ മാസംവരെ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഏകദേശം 15% വർദ്ധനവ് ഉണ്ടായതായി കണക്കാക്കുന്നു. ആഭ്യന്തര സഞ്ചാരികളുടെ വരവിൽ 2002 വർഷം 6.27% വർദ്ധനവും 2003 വർഷം 5.44% വർദ്ധനവും ഉണ്ടായി. 2004 വർഷം ഏപ്രിൽ മാസംവരെ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 4% വർദ്ധനവ് ഉണ്ടായതായി കണക്കാക്കുന്നു.

---

†, ††, * ലൈബ്രറിയിൽ വച്ചിട്ടുണ്ട്.